ഖാദിബോർഡിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ

* 48. (190) ശ്രീ. എൻ. പ്രഭാകരൻനായർ :
,, എസ്. ദാമോദരൻ :
,, എൻ. വാസുദേവൻപിള്ള :
,, വി. ശ്രീധരൻ :
,, എ. പി. കുര്യൻ :
,, ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഖാദിബോർഡിന്റെ പ്രവർത്തനലക്ഷ്യങ്ങൾ എന്തൊക്കെയാണ് ;

(ബി) പ്രസ്തുത ബോർഡിന്റെ വൈസ് ചെയർമാനായി നിയമിക്കപ്പെട്ടിരിക്കുന്നത് ആരെയാണ് ;

(സി) ഖാദിബോർഡിലെ മുൻ വൈസ് ചെയർമാൻ ആറായിരുന്നു ; കാലാവധി തീർന്നതിനുശേഷമാണോ അദ്ദേഹം രാജിവച്ചത് ; അല്ലെങ്കിൽ കാരണമെന്ത് ?

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ) :

(എ) ഈ വിവരങ്ങൾ കാണിക്കുന്ന ഒരു സ്റ്റേറ്റുമെന്റ് മേശപ്പുറത്തു വച്ചിട്ടുണ്ട് †.

(ബി) ശ്രീ. പി. കെ. ചാത്തൻ മാസ്റ്റർ.

(സി) ഖാദിബോർഡിലെ മുൻ വൈസ് ചെയർമാൻ ശ്രീ. നാരായണൻ നമ്പ്യാർ ആയിരുന്നു. അദ്ദേഹം കാലാവധി തീരുന്നതിനുമുമ്പു തന്നെ രാജിവച്ചു. കാരണം വ്യക്തമാക്കിയിട്ടില്ല.

ശ്രീ. എസ്. ദാമോദരൻ : മുൻ വൈസ് ചെയർമാനും, ഇപ്പോഴും ഖാദിബോർഡിൽ വൈസ്ചെയർമാനായി നിയമിച്ചിരിക്കുന്ന ചാത്തൻ മാസ്റ്ററും ഇൻഡ്യൻ കമ്മ്യൂണിസ്റ്റുപാർട്ടിയിലെ ഒരു മെമ്പറല്ലേ ?

ശ്രീ. പി. രവീന്ദ്രൻ : പി. കെ. ചാത്തൻമാസ്റ്റർ ഇൻഡ്യൻ കമ്മ്യൂണിസ്റ്റു പാർട്ടിയിലെ ഒരംഗമാണ്.

ശ്രീ. എസ്. ദാമോദരൻ : എന്റെ ചോദ്യത്തിനുത്തരമായില്ല. ഇപ്പോഴുള്ള വൈസ് ചെയർമാനും ആ പാർട്ടിയിലെതന്നെ അംഗമല്ലേ ?

ശ്രീ പി. രവീന്ദ്രൻ : ആണെന്നാണു പറഞ്ഞത്.

ശ്രീ. വി. ശ്രീധരൻ : മുൻ വൈസ് ചെയർമാൻ രാജിവച്ചത് അഴിമതി നടത്തിയതുകൊണ്ടാണോ ? അതുകൊണ്ടാണ് അദ്ദേഹത്തെ ഇൻഡ്യൻ കമ്മ്യൂണിസ്റ്റു പാർട്ടിയിൽനിന്നു സസ്പെൻഡ് ചെയ്തിരിക്കുന്നത് എന്നവസ്തുത ഗവൺമെൻറിന് അറിയാമോ ?

ശ്രീ. പി. രവീന്ദ്രൻ : ഗവൺമെൻറിന് അറിയില്ല. അദ്ദേഹം രാജിവച്ചത് എന്തു കാരണത്താലാണെന്ന് അദ്ദേഹത്തിന്റെ രാജിക്കത്തിൽ പറഞ്ഞിട്ടില്ല.

† Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ശ്രീധരൻ : ഈ രാജ്യത്തെ പത്രങ്ങളിൽ വന്നിട്ടുള്ള റിപ്പോർട്ട് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അഴിമതി നിർകാണിച്ചതുകൊണ്ട് ആണ് അദ്ദേഹത്തെ പാർട്ടിയിൽനിന്നു സസ്പെൻഡു ചെയ്തിട്ടുള്ളതു എന്നു സ്തുത പത്രത്തിൽ വന്നിട്ടുള്ളതു ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. പി. രവീന്ദ്രൻ : അദ്ദേഹത്തിന്റെ രാജിക്കത്തിൽ രാജിവച്ചതിന്റെ കാരണമെന്തെന്നു പറഞ്ഞിട്ടില്ല. രാജി സ്വീകരിക്കണമെന്നു മാത്രമേ പറഞ്ഞിട്ടുള്ളൂ.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷമാണോ പുതിയ വൈസ് ചെയർമാനെ നിയമിച്ചത് ?

ശ്രീ. പി. രവീന്ദ്രൻ : ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനു മുമ്പായിരുന്നു.

ശ്രീ. എ. പി. കുര്യൻ : കഴിഞ്ഞ ഒരു വർഷമായി ഖാദിബോർഡിന്റെ കീഴിൽ എത്ര നിയമനം നടത്തിയിട്ടുണ്ടെന്നു പറയുവാൻ ദയവുണ്ടാകുമോ ?

ശ്രീ. പി. രവീന്ദ്രൻ : അതു നേരത്തെ ചോദിച്ചിട്ടുണ്ടായിരുന്നു. ആ ചോദ്യത്തിന് ഉത്തരവും കൊടുത്തിട്ടുണ്ട്.

ശ്രീ. എ. പി. കുര്യൻ : അടുത്ത സന്ദർഭത്തിൽ ഈ ഖാദിബോർഡിന്റെ കീഴിൽ തങ്കമ്മ എന്നു പേരുള്ള ഒരു ലേഡി ക്ലാർക്കിനെയും ദാമോദരൻ എന്നും പേരായുധൻ എന്നും പേരുള്ള രണ്ടു ഡ്രൈവർമാരെയും രണ്ടു ടൈപ്പിസ്റ്റുകളേയും ക്രമവിരുദ്ധമുള്ള അപേക്ഷകൾ ക്ഷണിക്കാതെയും ഇൻറർവ്യൂ നടത്താതെയും കഴിഞ്ഞ ഡിസംബർ 15-ാംതീയതിമുതൽ നിയമിച്ചിട്ടുണ്ടെന്നുള്ള ആരോപണം ശരിയാണോ ? ഗവൺമെൻറിന് എന്തെങ്കിലും പറയുവാനുണ്ടോ ?

ശ്രീ. പി. രവീന്ദ്രൻ : ഈ ചോദ്യത്തിന്റെ അടിസ്ഥാനത്തിൽ പറയുവാൻ നിവൃത്തിയില്ല. ഈ നിയമനങ്ങളെസംബന്ധിച്ച് ഇതിനു മുൻപുണ്ടായിരുന്ന ചോദ്യത്തിന് എല്ലാ വിവരങ്ങളും ഗവൺമെൻറ് നൽകിയിട്ടുണ്ട്. ഇങ്ങനെ ഒരു നിയമനം അന്യായമായി നടത്തിയെന്നു ഗവൺമെൻറിനു വിവരം കിട്ടിയിട്ടില്ല.

ശ്രീ. എ. പി. കുര്യൻ : ഈ പറഞ്ഞ പരാതികളെക്കുറിച്ച് അന്വേഷണം നടത്തി എങ്ങനെയാണു നിയമിച്ചതു എന്നു വ്യക്തമാക്കുവാൻ ഗവൺമെൻറിന് കഴിയുമോ ?

ശ്രീ. പി. രവീന്ദ്രൻ : ബഹുമാനപ്പെട്ട മെമ്പർ ഈ വിവരങ്ങളൊക്കെ എഴുതി എന്നെ ഏൽപ്പിച്ചാൽ കാര്യമായ അന്വേഷണം നടത്തി ഈ സഭയെ അറിയിക്കുന്നതാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഇൻറർവ്യൂ നടത്താതെയും അപേക്ഷ ക്ഷണിക്കാതെയും നിയമിച്ചിട്ടുണ്ടെന്നു ബഹുമാനപ്പെട്ട കുര്യൻ ഈ സഭയിൽ പറഞ്ഞ പേരുകാരിൽ ചിലർ ഇൻഡ്യൻ കമ്മ്യൂണിസ്റ്റു പാർട്ടിയിലെ നേതാക്കൻമാരുടെ ആളുകളാണ്. ഇതുപോലെയുള്ള ആൾക്കാരെ അപേക്ഷ ക്ഷണിക്കാതെ അന്യായമായി നിയമിച്ചതിനെക്കുറിച്ച് അന്വേഷിച്ച് അതിന്റെ യാഥാർത്ഥ സ്ഥിതി എന്താണെന്നു വ്യക്തമാക്കുവാൻ ഗവൺമെൻറ് തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രവീന്ദ്രൻ : അതാണു ഞാൻ പറഞ്ഞതു്, ബഹുമാനപ്പെട്ട മെമ്പർമാർ എഴുതിത്തന്നാൽ അതിനെക്കുറിച്ചു് അന്വേഷിക്കും.

ശ്രീ. എം. സദാശിവൻ : ഖാദിബോർഡിൽനിന്നു് അവിടത്തെ ഒരുദ്യോഗസ്ഥനായ ശ്രീ. ഗൗരീദാസൻ നായർ രാജിവച്ചുകൊണ്ടു് ഖാദിബോർഡിലെ കുഴപ്പങ്ങളെക്കുറിച്ചു പരാമർശിച്ചിട്ടുള്ളതു് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ, ഖാദിബോർഡിനെ സംശുദ്ധമാക്കാനും ബോർഡിന്റെ നൻമയ്ക്കും വേണ്ടി അതു പരിഗണിക്കാൻ തയ്യാറാകുമോ ?

ശ്രീ. പി. രവീന്ദ്രൻ : ശ്രീ. ഗൗരീദാസൻ നായർ രാജിവച്ചുകൊണ്ടു് പ്രസ്താവന ചെയ്തതു് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്. അതിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളെസംബന്ധിച്ചു് അന്വേഷണം നടത്തിയിട്ടില്ല. ഇപ്പോൾ ഇവിടെ ഉന്നയിച്ച കാര്യങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്താൻ ഞാൻ തയ്യാറാണു്.

ശ്രീ പി. കെ. കുഞ്ഞച്ചൻ : ശ്രീ. കുര്യൻ, ശ്രീ. ടി. കെ. രാമകൃഷ്ണൻ ഇവർ ചോദ്യം ചോദിച്ചപ്പോൾ എഴുതിക്കൊടുത്തിട്ടില്ല, എഴുതിക്കൊടുക്കണം എന്നു പറഞ്ഞു. ഹൗസിന്റെ പ്രൊസീഡിംഗ്സിൽ വരുന്ന കാര്യങ്ങൾ പിന്നെയും എഴുതിക്കൊടുത്താലേ പരിഗണിക്കുകയുള്ളോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : സർ, ചോദ്യോത്തരവേള ആരോപണങ്ങൾ ഉന്നയിക്കാനുള്ളതല്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : സർ, ശരിയായിട്ടുള്ള കാര്യങ്ങളാണു പറഞ്ഞതു്:

മി. സ്പീക്കർ : ആർഡർ, ആർഡർ. ചോദ്യോത്തരവേള ആരോപണങ്ങൾ ചോദ്യരൂപത്തിൽ ഉന്നയിക്കാനുള്ളതല്ല. അതുകൊണ്ടാണു് എഴുതിക്കൊടുക്കണമെന്നു പറഞ്ഞതു്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാടു്) : ഖാദിബോർഡിൽ നിയമനം ലഭിക്കണമെങ്കിൽ ഏതു കമ്മ്യൂണിസ്റ്റു പാർട്ടിക്കാരുടെ സ്വന്തക്കാരായിരിക്കണമെന്ന ആക്ഷേപമുള്ളതു് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

മി. സ്പീക്കർ : ആർഡർ, ആർഡർ. ഇങ്ങനെയുള്ള ചോദ്യങ്ങൾ ചോദിക്കാൻ പാടില്ലെന്നു പറഞ്ഞല്ലോ.

ശ്രീ. പി. രവീന്ദ്രൻ : മാർക്സിസ്റ്റു പാർട്ടിയിലെ ഉന്നതരായ നേതാക്കളും ഖാദിബോർഡിൽ ഉണ്ടു്. ഇത്തരം ആ രാപണങ്ങളൊന്നും ഖാദിബോർഡിനെസംബന്ധിച്ചു് എന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല. അങ്ങനെ ആരോപണമുള്ളതായി ഞാൻ കരുതുന്നില്ല.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള : ഏതെങ്കിലും സ്ഥാപനത്തിലെ ഉദ്യോഗസ്ഥൻ രാജിവച്ചു പുറത്തുവന്നശേഷം ആ സ്ഥാപനത്തെസംബന്ധിച്ചു് ആക്ഷേപകരമായ പ്രസ്താവനയും, വിമർശനവുമുണ്ടായാൽ അതു ഗൗരവപൂർവം കണക്കിലെടുക്കുന്ന നയം ഗവൺമെന്റു് സ്വീകരിക്കുന്നുണ്ടോ ?

ശ്രീ. പി. രവീന്ദ്രൻ : എങ്ങനെ ചെയ്യണമെന്നതിനെസംബന്ധിച്ചു് ഞാൻ ആലോചിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ദാമോദരൻ : പല ബോർഡുകളേയും പിരിച്ചുവിട്ട ഇന്നത്തെ ഗവൺമെന്റ്, പല ആരോപണങ്ങൾക്കും വിധേയമായ ഖാദിബോർഡിനെ പിരിച്ചുവിടാത്തതിന്റെ കാരണം സ്വന്തം പാർട്ടിക്കാരൻ വ്യവസായവകുപ്പുമന്ത്രി ഉൾപ്പെടുന്ന പാർട്ടിയിലെ അംഗം പെയർമാനായതുകൊണ്ടാണോ ?

മി. സ്പീക്കർ : അതു ദുസ്സൂചനയാണ്; എനിക്കനുവദിക്കാൻ സാധിക്കുകയില്ല.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ : ബഹുമാനപ്പെട്ട മെംബർ കുര്യൻ ചോദിച്ച ചോദ്യത്തിലെ ഡ്രൈവർ വേലായുധൻ, ശ്രീ. എസ്. കുമാരന്റെ ഭാര്യാ സഹോദരനാണോ സഹോദരിയുടെ ഭർത്താവാണോ ?

ശ്രീ. പി. രവീന്ദ്രൻ : ഗവൺമെന്റിന് അറിയില്ല.

Shri C. H. Mohammed Koya: Sir, I rise to a point of order. In rule 35 CONDITIONS OF ADMISSIBILITY OF QUESTIONS says "A question, in order to be admissible, shall be governed by the following conditions:—

(a) It shall not bring in any name or statement not strictly necessary to make the question intelligible.

മി. സ്പീക്കർ: ഇൻസിനുവേഷൻ ഉള്ള ചോദ്യങ്ങളും ചോദിക്കുന്നതു ശരിയല്ല; എനിക്ക് അനുവദിക്കാനും സാധിക്കില്ല. വ്യക്തിപരമായ ആരോപണം മന്ത്രിയെ സംബന്ധിച്ചും മന്ത്രിയുടെ പാർട്ടിയെ സംബന്ധിച്ചും ഉൾക്കൊള്ളുന്ന ചോദ്യങ്ങളും ചോദിക്കാൻ സാധ്യമല്ല. റൂൾ അനുസരിച്ച് സാധ്യമല്ലെന്നു മാത്രമല്ല അങ്ങനെ ചോദിക്കാൻ അനുവദിക്കുന്നതുമല്ല.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ആരോപണമല്ല, വസ്തുതയാണ്.

ശ്രീ. ഇ. എം. ജോർജ്ജ്: വസ്തുത ചോദിക്കുകയാണ്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: വസ്തുത അറിയാൻ ചോദിക്കുകയാണ്.

മി. സ്പീക്കർ: ആർഡർ, ആർഡർ. വ്യവസായമന്ത്രിയുടെ സ്വന്തക്കാരെയും പാർട്ടിക്കാരേയും നിയമിക്കാനല്ലേ എന്നൊരു ചോദ്യം ചോദിച്ചാൽ അത് ആരോപണമല്ലേ ? ശരിക്കും ആരോപണം തന്നെയാണ്; അത് എനിക്ക് അനുവദിക്കാൻ ഒക്കുകയില്ല.

ശ്രീ. ഇ. എം. ജോർജ്ജ്: ചോദ്യോത്തരങ്ങൾ എടുത്തു നോക്കിയാൽ ഇങ്ങനെയുള്ള നിയമനങ്ങളെ സംബന്ധിച്ച് അനേകം ചോദ്യങ്ങൾ സഭയിൽ വന്നിട്ടുണ്ടെന്നു കാണാം.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: എസ്. കുമാരനുമായുള്ള ബന്ധമേ ചോദിച്ചുള്ളൂ.

ശ്രീ. ഇ. എം. ജോർജ്ജ്: അനേകം ചോദ്യങ്ങൾ വന്നിട്ടുണ്ട്.

ശ്രീ. എസ്. ദാമോദരൻ: ഇപ്പോൾ ആണോ ബോധോദയമുണ്ടായത് ?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ആർഡർ, ആർഡർ. ഇതുപോലെ എല്ലാ മെംബർമാരും എഴുന്നേറ്റുനിന്നു ചോദ്യങ്ങൾ ചോദിക്കുന്ന ഒരു രീതി തുടരണമെന്നാണോ ? ഈ രീതി....ശ്രീ ജോർജ്ജ് അവിടെ ഇരിക്കണം....അനുവദിക്കാൻ പറ്റുകയില്ല. ഞാൻ എഴുന്നേറ്റു നിന്ന് ഓരോ കാര്യങ്ങൾ പറയുമ്പോൾ നാലഞ്ചാറു മെംബർമാർ ഒന്നിച്ചു എഴുന്നേറ്റുനിൽക്കുക, ഒന്നിച്ച് പറഞ്ഞിട്ടുള്ളതുതന്നെ പറയുക, ആ രീതി അനുവദിക്കാൻ സാധിക്കുകയില്ല. ആവശ്യമുള്ളതും അതിൽ കൂടുതലുമായ അവകാശങ്ങൾ ഉപയോഗിച്ച് ഏതു ചോദ്യം ചോദിക്കാനും, മറുപടി വാങ്ങി ഉദ്ദേശമനുസരിച്ചുള്ള ലക്ഷ്യങ്ങളിൽ ചെന്നെത്തുന്നതിനും എനിക്ക് അഭിപ്രായവ്യത്യാസമില്ല. സാധ്യമായ സഹകരണങ്ങൾ ഞാൻ ചെയ്തുതരുന്നുമുണ്ട്. എന്നാൽ ഞാൻ എഴുന്നേറ്റുനിന്നു കാര്യങ്ങൾ പറഞ്ഞു തുടങ്ങുമ്പോൾ ചോദ്യങ്ങൾ ചോദിക്കുന്ന രീതി തുടങ്ങിയാൽ—ഞാൻ മി. ജോർജ്ജിനോടു പ്രത്യേകിച്ചും പറയുകയാണ്—അതു ശരിയല്ല. ഇങ്ങനെയുള്ള കാര്യങ്ങളെ സംബന്ധിച്ചു കൂടുതൽ കർശനമായ നടപടികൾ നമ്മുടെ സഭയിൽ എടുത്തിട്ടില്ല, എടുക്കാനുദ്ദേശിക്കുന്നില്ല, എടുക്കേണ്ടയാവശ്യവുമില്ല.

ഇതുപോലെ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള ചോദ്യങ്ങൾ വന്നാൽ—ക്രീയറായി, സ്വന്തക്കാരെ നിയമിക്കാനല്ലേ ഇങ്ങനെയൊക്കെ ചോദിച്ചാൽ—തടഞ്ഞിട്ടുണ്ട്, ഇന്നും തടഞ്ഞുവരുന്നുണ്ട്. മുൻപു ചോദിച്ചിട്ടുണ്ട്, അതുകൊണ്ട് ഇപ്പോൾ ചോദിക്കുകയാണ് എന്നു പറയുന്നതിൽ കാര്യമില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഇവിടെ രാഷ്ട്രീയമായ അടിസ്ഥാനത്തിലുള്ള വാദപ്രതിവാദങ്ങൾ നടന്ന സമയത്ത് ഒക്കെത്തന്നെ ഇന്നയാൾ അളിയനല്ലേ, മരുമകൻ അല്ലേ എന്നൊക്കെയുള്ള ചോദ്യങ്ങൾ ഉണ്ടായിട്ടുണ്ട്. ആ അടിസ്ഥാനത്തിൽത്തന്നെയുള്ള ചോദ്യമാണ്. ഒരു പ്രത്യേക വ്യക്തി ഒരു പാർട്ടിയുടെ നേതാവിന്റെ അളിയനല്ലേ എന്നാണ് ചോദിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കിയിട്ടില്ലാത്തതുകൊണ്ട്, അളിയനാണോ എന്ന് അന്വേഷിക്കുമോ ?

ശ്രീ. കെ. എം. മാണി: റൂളിംഗ് നൽകിക്കഴിഞ്ഞശേഷവും മി. രാമകൃഷ്ണൻ ഇങ്ങനെ പ്രസംഗിച്ചുപോയാൽ ?

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: പേഴ്സണൽ ആയിട്ടുള്ള അലിഗേഷൻ റെയിസ് ചെയ്യുന്നതു നേരത്തെ സ്പീക്കർക്ക് എഴുതിക്കൊടുത്തുകൊണ്ടു വേണം. അല്ലെങ്കിൽ നിയമസഭയുടെ നടപടിച്ചട്ടങ്ങൾക്കെതിരാണ്. ചോദ്യോത്തരസമയത്ത് അലിഗേഷൻ റെയിസുചെയ്താൽ വേറെ ഒന്നിനും സമയം കാണുകയില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ബ്രൈഡ്വർ വേലായുധൻ ഇൻഡ്യൻ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നേതാവ് എസ്. കുമാരന്റെ അളിയനാണോ ?

ശ്രീ. പി. രവീന്ദ്രൻ: ആ വിവരം ഗവൺമെന്റിന് അറിവില്ല.

LIBRARY ARCHIVES Kerala Legislative Assembly